"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന് കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ ഒരു അഡീഷണൽ ബഞ്ച് സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥഭരണപരിഷ്കാര (എആർ 12) വകുപ്പ്**

സ.ഉ.(കൈ) നം.15/2024/P&ARD തീയതി,തിരുവനന്തപുരം, 16-08-2024

---

പരാമർശം:- 10.05.2023 തീയതിയിലെ ചെയർമാൻ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ കത്ത്.

**ഉത്തരവ്**

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന് നിലവിൽ തിരുവനന്തപുരത്തും, എറണാകുളത്തും കൂടി 2 ബെഞ്ചുകൾ ഉണ്ടെന്നും ട്രിബ്യൂണലിന്റെ പരിധിയിലുള്ള വ്യവഹാരങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ് കണക്കിലെടുത്തു കൊണ്ട് ഒരു അഡീഷണൽ ബഞ്ച് കൂടി സ്ഥാപിക്കുന്നത് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ സുഗമമായ നടത്തിപ്പിന് അനിവാര്യമാണെന്നും ആയതിനാൽ തലശ്ശേരിയിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒരു അഡീഷണൽ ബെഞ്ച് (III) കൂടി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കണമെന്നും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ചെയർമാൻ പരാമർശത്തിലെ കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന് കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ ഒരു അഡീഷണൽ ബെഞ്ച് (III) കൂടി സ്ഥാപിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ
അഡീഷണൽ ചീഫ് സെക്രട്ടറി

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്
ധനകാര്യ വകുപ്പ് (11.07.2024-ലെ (e 2559692) EXP-B3/306/2023-FIN. നമ്പർ പ്രകാരം).
വിവരപൊതുജനസമ്പർക്ക് (വെബ് &ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ